(ബി) എറണാകുളത്തും മട്ടാഞ്ചേരിയിലും പരിസരങ്ങളിലും വിദ്യുച്ഛക്തി വിതരണം കമ്പനികൾ മുഖേനയും തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റി മുഖേനയും നെമ്മാറ ഗവൺമെണ്ട് മുഖേനയും നടത്തിവരുന്നു.

(സി) കൊടുങ്ങല്ലൂരിലും വൈദ്യുതീകരണം ഉദ്ദേശിച്ചിട്ടുണ്ട്. ഇക്കൊല്ലം തന്നെ സാധിക്കുമെന്നു തീർച്ചയില്ല.

SALARIES TO KORAN TEACHERS

52. മിസ്റ്റർ കെ. എച്ച്. സുലൈമാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) പ്രാഥമികാദ്ധ്യാപകന്മാർക്കു കൊടുക്കാൻ നിശ്ചയിച്ചിട്ടുള്ള ശമ്പളത്തോതു തന്നെ കൊറാൻ ടീച്ചർമാർക്കും അനുവദിച്ചു കൊടുക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ എന്തു ചെയ്തിട്ടുണ്ട്;

(സി) ഒന്നും ചെയ്തിട്ടില്ലെങ്കിൽ എന്തു ചെയ്വാൻ ഉദ്ദേശിക്കുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) സ്ഥിരമായിട്ടുള്ള ഖുർആൻ അദ്ധ്യാപകന്മാർക്കു പുതിയ ശമ്പളത്തോതു കൊടുക്കുവാൻ തീരുമാനിച്ചു കല്പന പുറപ്പെടുവിച്ചിരിക്കുന്നു. എന്നാൽ സ്ഥിരമാകാത്തവർക്കു പുതിയ ഗ്രേഡ് ബാധകമാക്കീട്ടില്ല. അവർക്കു അറബിക്കിൽ ഒരു പരീക്ഷ നിശ്ചയിച്ചിട്ടുണ്ട്. അതു രണ്ടു കൊല്ലത്തിനകം പാസ്സാകണം. എന്നാൽ അവർക്കും പുതിയ ഗ്രേഡ് കൊടുക്കുന്നതാണു്.

(സി) രണ്ടാം ചോദ്യത്തിന്റെ ഉത്തരംകൊണ്ടു് ഉത്തരം ആവശ്യമില്ല.

MUNSIFFS—APPOINTMENT OF

53. മിസ്റ്റർ പി. വി. സഖാസ്സ്വാൻ: താഴെ പറയുന്ന ചോദ്യത്തിനു ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

മുൻസിഫുമാരുടെ നിയമനം ബാറിൽനിന്നു നേരിട്ടു നടത്തണമെന്നുള്ള വല്ല തത്വവും ഗവൺമെണ്ട് അംഗീകരിച്ചിട്ടുണ്ടോ?

മിസ്റ്റർ ബി. വി. കെ. മേനോൻ:

ഇല്ല, ബാറിൽനിന്നു നേരിട്ടും യോഗ്യതയുള്ളവർക്കു് സർവ്വീസിൽനിന്നു കയറ്റം കൊടുത്തും നിയമനം നടത്താറുണ്ട്.

COMPLAINTS FROM VADAVUKODE

54. മിസ്റ്റർ പി. നാരായണമേനോൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) തലാം ഐ-ാംനു വടവുകോടനിന്നു ഡി. എഫ്. എസ്സ്.-നു് വല്ല ആക്ഷേപഹർജിയും കിട്ടിയിട്ടുണ്ടോ;

(ബി) ഈ ഹർജിക്കു എന്തു നടപടി എടുത്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ആക്ഷേപഹർജി കിട്ടിട്ടുണ്ട്.

(ബി) അന്വേഷണം നടത്തിവരുന്നു.

MISSING MONEY—MULANTHURUTHI REGISTRY OFFICE

55. Mr. P. Kumaran Ezhuthassan *(Vadakkancheri)*: Will Government be pleased to state.—

(*a*) what has become of the missing money alleged to be sent from the Mulanthuruthi Registry Office to be deposited in the Ernakulam Treasury (Rs. 8,000, Food Department Collections);

(*b*) has any case been registered against any person or persons?

Mr. B. V. K. Menon *(Secretary to Government)*:

(*a*) Out of Rs. 18,874—1—6 sent for remittance to the Cochin-Kanayannur Treasury on 3rd Karkadagam 1120 from the Trippunithura Registry Office a sum of Rs. 8,200 was missing and so far there is no clue as to how the money was lost.

(*b*) No.

LIBRARY ARCHIVES Kerala Legislative Assembly